മത്സ്യത്തൊഴിലാളി പെൻഷൻ

88 (1189) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളിപെൻഷൻ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക ഉണ്ട് ;

(ബി) ഇത്രയധികം കുടിശ്ശിക വരുവാനുള്ള കാരണമെന്ത് ;

(സി) മത്സ്യത്തിന്റെ ദൗർലഭ്യം കാരണം പട്ടിണിനേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് കുടിശ്ശികസഹിതം മുഴുവൻ പെൻഷനും കൊടുത്തുതീർക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) 16 മാസത്തെ കുടിശ്ശിക ഉണ്ട്.

(ബി) മുൻഗവൺമെന്റിന്റെകാലത്ത് 21 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കാനും ഇപ്പോൾ നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളും നടപ്പാക്കാനും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ലാത്തതാണ് കുടിശ്ശിക വരാനുള്ള കാരണം.

(സി) ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടപടി

89 (1191) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വിശദമാക്കാമോ ;

(ബി) സബ്സിഡി ഇനത്തിൽ നൽകിവരുന്ന എന്തെങ്കിലും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) മത്സ്യത്തൊഴിൽ ഉപകരണങ്ങൾക്ക് ഇപ്പോൾ വിൽപന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഏറെ ദോഷമുളവാക്കുന്ന വിധത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും മത്സ്യമേഖലയുടെ വികസനത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ :

1. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ
2. ഫിഷറീസ് ഡിസ്പെൻസറി
3. സാനിട്ടേഷൻ പദ്ധതി
4. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി
5. മത്സ്യഭവനുകൾ
6. പത്താം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെയുള്ള മെച്ചപ്പെട്ട ഭവന നിർമ്മാണ പദ്ധതി
7. ഫിഷറീസ് റോഡുകൾ
8. ശുദ്ധജല വിതരണ പദ്ധതി
9. സമ്പാദ്യ ആശ്വാസ പദ്ധതി
10. തീരജ്യോതി

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ :

1. എൻ.സി.ഡി.സി. സഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതി
2. ബാങ്കബിൾ സ്കീം
3. പരമ്പരാഗത വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്ന പദ്ധതി
4. മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി
5. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യവികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി
6. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി
7. നവീന മാതൃകയിലുള്ള മത്സ്യബന്ധനയാനങ്ങൾ വിതരണം ചെയ്യൽ
8. കടലോരലേല സമ്പ്രദായ റിവോൾവിംഗ് ഫണ്ട്
9. കോൾഡ് ചെയിൻ പദ്ധതി
10. കാസർഗോഡ് ചെമ്മീൻ കരാർ
11. റീറ്റെയിൽ ഫിഷ്മാർക്കറ്റിംഗ്
12. മത്സ്യവിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി
13. വാറണ്ടി റിപ്പയർ ഷോപ്പുകൾ ഒ.ജി.എം. വർക്ക്ഷോപ്പുകൾ
14. സർവോ-മത്സ്യഫെഡ് 2-റ്റി ഓയിൽ
15. എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത ഉൾനാടൻ മത്സ്യവികസന പദ്ധതി
16. അലങ്കാര മത്സ്യകൃഷി വികസന പദ്ധതി
17. ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ
18. വനിതാ ബസ് സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

19. മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി
20. ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം
21. മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾക്കുമുള്ള പ്രോത്സാഹനം

മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ :

1. ഗ്രൂപ്പ് ഇൻഷ്വറൻസ്
2. അപകട ചികിത്സാധനസഹായം
3. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെയുണ്ടാകുന്ന മരണം-ആശ്രിതർക്കു ധനസഹായം
4. വിവാഹ ധനസഹായം
5. വാർദ്ധക്യകാല പെൻഷൻ
6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
7. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായപദ്ധതി
8. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
9. എസ്.എസ്.എൽ.സി. ക്യാഷ് അവർഡ്-തുടർവിദ്യാഭ്യാസത്തിനു ധനസഹായം
10. കുടുംബ സംവിധാന പദ്ധതി
11. മാരകരോഗ ചികിത്സാപദ്ധതി
12. ചെയർമാൻസ് റിലീഫ് ഫണ്ട്
13. നേത്രജ്യോതി
14. ബോർഡിന്റെ പ്രത്യേക ധനസഹായം
15. പ്രസവ ശുശ്രൂഷയ്ക്കുള്ള സഹായപദ്ധതി
16. ഉന്നത വിദ്യാഭ്യാസപ്രോത്സാഹന പദ്ധതി
17. മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി
18. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പദ്ധതി
19. ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം

(ബി) ഇല്ല.

(സി) ഉണ്ട്. 2000 ജനുവരിമാസം 1-ാം തീയതി മുതൽ ഏകീകൃത വില്പന നികുതി നിലവിൽ വന്നതോടുകൂടി വിവിധയിനം മത്സ്യബന്ധന ഉപകരണങ്ങൾക്ക് താഴെ പറയും പ്രകാരം വില്പന നികുതി നൽകേണ്ടതുണ്ട്. ഔട്ട് ബോർഡ് മോട്ടോർ-12% ഒ.വി.എം. സ്പെയർപാർട്ടുകൾ, നൈലോൺ നൂലുകൾ-8% എച്ച്.ഡി.പി.എക്സ് നൂല്, എച്ച്.ഡി.പി.ഇ. വല, എച്ച്.ഡി.പി.ഇ. ക്രേറ്റുകൾ ഫ്ളോട്ട് റോപ്പ്-12%, ലെഡ് വെയിറ്റ്, സ്രോൾബ്റിംഗ് മരോഡ് തുഴ-8%

(ഡി) ഔട്ട് ബോർഡ് എൻജിനുകളെ വില്പന നികുതിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly